# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/33/2017 **പത്രക്കുറിപ്പ്** 2017 ഫെബ്രുവരി 14

**അപേക്ഷാതീയതി**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിലെ അഞ്ച് ആറ് സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ്-പ്രൈവറ്റ് രജിസ്ട്രേഷൻ) പരിക്ഷകൾ മാർച്ച് 17 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും സ്വീകരിക്കും. അപേക്ഷകർ സെമസ്റ്ററിന് 20 രൂപ അപേക്ഷാ ഫോമിന്റെ വിലയായും, 100 രൂപ സി.വി.ക്യാമ്പ് ഫീസായും, നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. പ്രൊവിഷണൽ സർട്ടിഫിക്കറ്റിന് 100 രൂപയും അടക്കണം. അപേക്ഷാ ഫോം സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യണം. ബി.എ വിദ്യാർത്ഥകൾ അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷ-4)മുൻപാകെയും, ബി.കോം വിദ്യാർത്ഥകൾ അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷ-10)മുൻപാകെയും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**പ്രാക്ടിക്കൽപരീക്ഷ**

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി/ബയോ കെമിസ്ട്രി (സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി 2012 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 ന് അതാത് കേന്ദ്രങ്ങളിൽ ആരംഭിക്കും.

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി.(ഓഫ്കാമ്പസ്-2003ന് മുൻപുള്ള അഡ്മിഷൻ) മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 21 ന് ആരംഭിക്കും.

**പ്രിൻസിപ്പൽമാരുടെ യോഗം**

പരീക്ഷസംബന്ധമായ പരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി എൻജിനിയറിംഗ് കോളേജ് ഒഴികെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം യൂണിവേഴ്സിറ്റി അസംബ്ലി ഹാളിൽ ഫെബ്രുവരി 17 ന് രാവിലെ 10.30 ന് നടത്തും. എല്ലാ പ്രിൻസിപ്പൽമാരും നിർബന്ധമായി പങ്കെടുക്കണം.

**പൂർവ്വവിദ്യാർത്ഥി ഡേറ്റ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്ക്കൂൾ ഓഫ് ബയോസയൻസസിലെ പൂർവ്വ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ പൂർവ്വവിദ്യാർത്ഥികളും alumni.sbs.mgu@gmail.com എന്ന ഇമെയിലിൽ വിശദാംശങ്ങൾ അയയ്ക്കണം. ഫോൺ : 9497 655 293, 9847 901 149, 0481-2731035

**പ്രഭാഷണം നടത്തി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സെന്റർ ഫോർ യോഗ & നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ 'സിനർജി' കോട്ടയവുമായി സഹകരിച്ച് നടത്തിയ പ്രഭാഷണ പരമ്പരയിലെ മൂന്നാമത് പ്രഭാഷണം ഫെബ്രുവരി 14ന് ഗാന്ധിയൻ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് സെമിനാർ ഹാളിൽ നടന്നു.

യോഗ ഫോർ സീനിയർ സിറ്റിസൺസ് എന്ന വിഷയത്തിൽ ഡോ : സി. തോമസ് എബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. ഗാന്ധിയൻ സ്റ്റഡീസ് മേധാവി ഡോ : റോയ്. സി. മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി ഡയറക്ടർ ഡോ : സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, സിനർജി പ്രസിഡന്റ്, ഡോ : ജോസഫ് മൂക്കാടൻ, അനുപ്രിയ പ്രവീൺ എന്നിവർ പ്രസംഗിച്ചു.

**സർവ്വകലാശാലാ നാടകോത്സവം ഇന്നും നാളെയും**

എം.ജി യൂണിവേഴ്സിറ്റി യൂണിയൻ 15, 16 തീയതികളിൽ നടത്തുന്ന നാടകോത്സവം 'പാഠകം 2017' ന്റെ ഉദ്ഘാടന സമ്മേളനം ഇന്ന് (ഫെബ്രുവരി 15) വൈകീട്ട് അഞ്ച് മണിക്ക് സർവ്വകലാശാലാ ക്യാമ്പസിൽ പരീക്ഷാ ഭവനു മുൻപിൽ പ്രത്യേകം ക്രമീകരിച്ച സ്റ്റേജിൽ നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**